ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് ആരോഗ്യവകുപ്പുമന്ത്രി 25-6-2003-ൽ യോഗം വിളിച്ചിരുന്നു.

(ബി) പഞ്ചകർമ്മ ആശുപത്രിയുടെ വികസനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടറെ ചുമതലപ്പെടുത്തുവാൻ നിർദ്ദേശിച്ചു.

(സി) ഇപ്പോൾ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ആലപ്പുഴ പടിഞ്ഞാറ് വില്ലേജിൽ സർവ്വെ നമ്പർ 492/13 എ-യിൽപ്പെട്ട 49 സെന്റ് സ്ഥലം പഞ്ചകർമ്മ ആശുപത്രിക്കുവേണ്ടി മുനിസിപ്പാലിറ്റിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ഭൂമിയുടെ തറവില സംബന്ധിച്ച പരാതികൾ

124 [847] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പ്രഖ്യാപിച്ച തറവില അനുസരിച്ചാണോ ഭൂമിയുടെ ക്രയവിക്രയ നടപടികൾ നടന്നുവരുന്നത്;

(ബി) ഇപ്പോൾ നിശ്ചയിച്ച തറവിലയിലെ അപാകതകൾ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉദ്യോഗസ്ഥൻ ആരെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച ന്യായവില അനുസരിച്ചാണ് ഭൂമിയുടെ ക്രയവിക്രയ നടപടികൾ നടന്നുവരുന്നത്.

(ബി) ഉണ്ട്. ന്യായവിലയിലെ ആക്ഷേപങ്ങൾ സംബന്ധിച്ച അപ്പീൽ കേൾക്കുന്നതിനുള്ള അധികാരി ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്.

ഇഷ്ടദാന ഉടമ്പടികൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

125 [848] ശ്രീ. പി. ജെ. ജോയി:
" ടി. എൻ. പ്രതാപൻ:
" ബി. വിജയകുമാർ:
" ജോർജ് ജെ. മാത്യു:
" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില വാങ്ങാതെ വസ്തു കൈമാറ്റം ചെയ്യുന്ന ഇഷ്ടദാനം, ഭാഗപത്രം പോലുള്ള ഇടപാടുകളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ഇടപാടുകളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയില്ലെങ്കിലും അവയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിരക്കിൽ കുറവ് വരുത്തണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ഭാഗപത്രം, ഇഷ്ടദാനം തുടങ്ങിയ കരണങ്ങളുടെ മുദ്രസലയിൽ കുറവു വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ആധാരങ്ങളിൽ ഫോട്ടോ പതിക്കൽ

126 [849] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിൽ വസ്തു വിൽക്കുകയും വാങ്ങുകയും ചെയ്യുന്നവരുടെ ഫോട്ടോ പതിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാം; ഈ രീതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ബിനാമി ഇടപാടുകൾ തടയുവാനും ആൾമാറാട്ടം തടയുവാനും കഴിയും.

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മാള സബ് രജിസ്ട്രാർ ആഫീസിന്റെ കമ്പ്യൂട്ടർവൽക്കരണം

127 [850] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly